പതിമൂന്നാം കേരള നിയമസഭ

# സബ്ജക്റ്റ് കമ്മിറ്റി VII

## (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)

(2010-2011 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ
ടേക്കൺ റിപ്പോർട്ട്)

2011 നവംബർ 4-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2011

പതിമൂന്നാം കേരള നിയമസഭ

# സബ്ജക്റ്റ് കമ്മിറ്റി VII

## (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)

(2010-2011 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത്
റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ

ടേക്കൺ റിപ്പോർട്ട്)

1167/2011.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്റ്റ് കമ്മിറ്റി VII

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

## (2011-2013)

### ഘടന

ചെയർമാൻ :

ശ്രീ. ആര്യാടൻ മുഹമ്മദ്,
ഊർജ്ജ വകുപ്പുമന്ത്രി

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. ഷിബു ബേബി ജോൺ,
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി

അംഗങ്ങൾ :

ശ്രീ. എ. കെ. ബാലൻ
„ എം. ചന്ദ്രൻ
„ പി. കെ. ഗുരുദാസൻ
„ എം. ഹംസ
,, പി. എ. മാധവൻ
,, എൻ. എ. നെല്ലിക്കുന്ന്
,, എ. കെ. ശശീന്ദ്രൻ
,, കെ. ശിവദാസൻ നായർ
,, എം. എ. വാഹീദ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. രാജൻ, സെക്രട്ടറി
ശ്രീ. പി. ജി. നിർമ്മൽ കുമാർ രാജു, ജോയിന്റ് സെക്രട്ടറി
ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീമതി പി. ഉഷാകുമാരി അമ്മ, അണ്ടർ സെക്രട്ടറി.

# അവതാരിക

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ ചെയർമാനായ ഞാൻ, 2010-11 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച, സമിതിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നു.

2010 ജൂൺ 28-ാം തീയതിയിലെ 669-ാം നമ്പർ ബുള്ളറ്റിൻ ഭാഗം-2 പ്രകാരം സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിധിയിൽവരുന്ന വിഷയങ്ങൾ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവുമായി പുനഃക്രമീകരിക്കപ്പെട്ടു. അതുവരെ നിലവിലുണ്ടായിരുന്ന ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2010-11-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട ശുപാർശകളിന്മേലും, ജലസേചനവും വിദ്യുച്ഛക്തിയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ 2010-11-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ഊർജ്ജവകുപ്പുമായി ബന്ധപ്പെട്ട ശുപാർശകളിന്മേലും സർക്കാർ സ്വീകരിച്ച അനന്തരനടപടികൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

10-10-2011, 3-11-2011 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ മേൽ റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാരിൽനിന്നും ലഭിച്ച അനന്തര നടപടി സ്റ്റേറ്റുമെന്റുകൾ സമിതി പരിഗണിച്ചു.

2011 നവംബർ 3-ന് ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**ആര്യാടൻ മുഹമ്മദ്,**
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി VII.*

തിരുവനന്തപുരം,
2011 നവംബർ 3.

# റിപ്പോർട്ട്

2010-11 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെയും ജലസേചനവും വിദ്യുച്ഛക്തിയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെയും അഞ്ചാമത് റിപ്പോർട്ടുകളിലെ തൊഴിലും പുനരധിവാസവും വകുപ്പ്, ഊർജ്ജവകുപ്പ് എന്നിവയുമായി ബന്ധപ്പെട്ട ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തരനടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

സബ്ജക്ട് കമ്മിറ്റി VII-ന്റെയും സബ്ജക്ട് കമ്മിറ്റി III-ന്റെയും അഞ്ചാമത് റിപ്പോർട്ടുകൾ 2010 ജൂൺ 29-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടുകളിലെ തൊഴിലും പുനരധിവാസവും വകുപ്പ്, ഊർജ്ജവകുപ്പ് എന്നിവയുമായി ബന്ധപ്പെട്ട ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തര നടപടികളുടെ സ്റ്റേറ്റ്മെന്റ് സമിതിയുടെ 10-10-2011, 3-11-2011 എന്നീ തീയതികളിലെ യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. സർക്കാരിൽ നിന്നും അനന്തര നടപടി സ്റ്റേറ്റ്മെന്റ് ലഭിക്കാത്ത ശുപാർശകളുടെ വിവരവും റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായി തയ്യാറാക്കിയിരിക്കുന്നു. ഒന്നാംഭാഗത്തിൽ സർക്കാരിൽ നിന്നും ലഭിച്ച അനന്തര നടപടി സ്റ്റേറ്റുമെന്റുകളിൽ സമിതി അംഗീകരിച്ചവ സംബന്ധിച്ച വിവരങ്ങളും രണ്ടാം ഭാഗത്തിൽ സമിതിയുടെ ശുപാർശകളിന്മേൽ അനന്തര നടപടി സ്റ്റേറ്റ്മെന്റ് ലഭിക്കാത്തവയുടെ വിവരവും ചേർത്തിരിക്കുന്നു.

## ഭാഗം I

## തൊഴിലും പുനരധിവാസവും വകുപ്പുമായി ബന്ധപ്പെട്ട ശുപാർശകളും അവ സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികളും

### ശുപാർശ

2210-01-102-98 ഡിസ്പെൻസറികൾ

വിഹിതം : 71,88,11,000 രൂപ (നോൺ പ്ലാൻ)

ഈ ശീർഷകത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന തുക സംസ്ഥാനത്തെ 12 ഇ.എസ്.ഐ. ആശുപത്രികളുടെയും 137 ഡിസ്പെൻസറികളുടെയും പ്രവർത്തനത്തിന് വേണ്ടിയുള്ളതാണ്. ഇതിൽ 34 (1) വെള്ളക്കരം എന്ന ഇനത്തിൽ 30 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 15,85,000 രൂപയാണ് അനുവദിച്ചിരിക്കുന്നത്. വെള്ളക്കരത്തിന് ഉണ്ടായ വർദ്ധനവ് കണക്കിലെടുക്കുമ്പോൾ ഈ തുക അപര്യാപ്തമാണ്. അതിനാൽ ആവശ്യപ്പെട്ട 30 ലക്ഷം രൂപ പൂർണ്ണമായും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സ്വീകരിച്ച നടപടി

വെള്ളക്കരം എന്ന ഇനത്തിൽ 10,00,000 രൂപ റീഅപ്രോപ്രിയേഷൻ മുഖേന 13-10-2010-ലെ ജി.ഒ.(ആർറ്റി.) നമ്പർ 7511/2010/ഫിൻ. പ്രകാരം അനുവദിച്ചിട്ടുണ്ട്.

ശുപാർശ

2210-01-102-96 ഇ.എസ്.ഐ.യുടെകീഴിലുള്ള പ്രത്യേക ഘടകപദ്ധതികൾക്കുള്ള ചെലവ്

വിഹിതം : 7,09,95,000 രൂപ (നോൺ പ്ലാൻ)

96 (01) ഡ്രഗ്സ് & ഡ്രെസ്സിംഗ്സ് എന്ന ഉപശീർഷകത്തിൽ 1,50,00,000 രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 1,32,00,000 രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. ആയതിനാൽ ബാക്കി തുകയായ 18,00,000 രൂപകൂടി ഈ ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സ്വീകരിച്ച നടപടി

സമിതിയുടെ ശുപാർശപ്രകാരം ഡ്രഗ്സ് & ഡ്രെസ്സിംഗ്സ് എന്ന ഉപശീർഷകത്തിൽ കൂടുതൽ തുക കഴിഞ്ഞ സാമ്പത്തികവർഷം അനുവദിക്കാൻ സാധിച്ചിട്ടില്ല.

ശുപാർശ

96 (02) ഡയറ്റ് എന്ന ഇനത്തിൽ ഈ സാമ്പത്തികവർഷം 60 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിലും സാധനം സപ്ലൈ ചെയ്യുന്നതിന് ടെണ്ടർ എടുക്കുവാൻ കരാറുകാരെ ലഭ്യമല്ലാത്ത സാഹചര്യത്തിലും പ്രാദേശികമായി സാധനങ്ങൾ വാങ്ങി ഡയറ്റ് നടത്തിക്കൊണ്ടു പോകേണ്ടതായിവരുന്നുണ്ട്. തടസ്സമില്ലാതെ ഈ പദ്ധതി നടത്തിക്കൊണ്ടുപോകുവാൻ 1,80,00,000 രൂപ ആവശ്യമാണ്. ആയതിനാൽ 1,20,00,000 രൂപ കൂടി ഈ ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സ്വീകരിച്ച നടപടി

സമിതിയുടെ ശുപാർശപ്രകാരം 'ഡയറ്റ്' എന്ന ഇനത്തിൽ കൂടുതൽ തുക കഴിഞ്ഞ സാമ്പത്തികവർഷം അനുവദിക്കാൻ സാധിച്ചിട്ടില്ല.

ശുപാർശ

96(04) എന്ന ഇനത്തിൽ ഇൻഷ്വർ ചെയ്യപ്പെട്ട തൊഴിലാളികളുടെ ചികിത്സയുടെ ചെലവ് റീഇംബേഴ്സ് ചെയ്യുന്നതിന് 4,52,93,000 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ ഇനത്തിൽ 6,58,82,000 രൂപ ആവശ്യമാണ്. ഒരു ബഡ്ജറ്റ് കാലഘട്ടത്തിൽ ഉണ്ടാകുന്ന ഐ.പി.കളുടെ വർദ്ധനയുടെ ചെലവും ഈ ഇനത്തിൽ നിന്നുതന്നെയാണ് വഹിക്കുന്നത്. 2008-09 കാലഘട്ടത്തിൽ 5.5 ലക്ഷം ഐ.പി.കൾ ഉണ്ടായിരുന്ന

സ്ഥാനത്ത് 2009-10-ൽ 7.75 ലക്ഷം ഐ.പി.കളാണുള്ളത്. ആയതിനാൽ പുതിയ ഐ.പി.കളുടെ ചെലവിനായി ആനുപാതികമായ തുക കണ്ടെത്തേണ്ടതുണ്ട്. ഈ കാരണങ്ങളാൽ 96 (04) എന്ന ഇനത്തിൽ 2,05,89,000 രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

<u>സ്വീകരിച്ച നടപടി</u>

ഇൻഷ്വർ ചെയ്യപ്പെട്ട തൊഴിലാളികളുടെ ചികിത്സയുടെ ചെലവ് റീഇംബേഴ്സ്മെന്റ് ചെയ്യുന്നതിനായി ഈ ഇനത്തിൽ 15,00,000 രൂപ റീഅപ്രോപ്രിയേഷൻ മുഖേന 13-10-2010-ലെ ജി. ഒ. (ആർറ്റി.) നമ്പർ 7511/2010/ഫിൻ. പ്രകാരം അനുവദിച്ചിട്ടുണ്ട്.

<u>ശുപാർശ</u>

മുളങ്കുന്നത്തുകാവ്, പാലക്കാട് എന്നീ ഇ.എസ്.ഐ. ആശുപത്രികളിലേക്ക് ആംബുലൻസ് വാങ്ങുന്നതിനായി ഈ തുക വകയിരുത്തണമെന്ന് 2009-10 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിൽ സമിതി ശുപാർശ ചെയ്തിരുന്നു. എന്നാൽ 2010-11 സാമ്പത്തികവർഷവും ഇതേ ആവശ്യം മെഡിക്കൽ ഇൻഷ്വറൻസ് വകുപ്പ് ഉന്നയിച്ചിരിക്കുന്നതിന്റെ വെളിച്ചത്തിൽ പ്രസ്തുത ശുപാർശ നടപ്പിലായിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ സാമ്പത്തികവർഷംതന്നെ മേല്പറഞ്ഞ സ്ഥലങ്ങളിലേക്ക് ആംബുലൻസ് വാങ്ങുന്നതിന് 96 (05) എന്ന ഇനത്തിൽ 12 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

<u>സ്വീകരിച്ച നടപടി</u>

മുളങ്കുന്നത്തുകാവ്, പാലക്കാട് എന്നീ ഇ.എസ്.ഐ. ആശുപത്രികളിൽ ഡ്രൈവറുടെ തസ്തിക അനുവദിച്ചിട്ടില്ല. പ്രസ്തുത തസ്തിക അനുവദിച്ചാൽ മാത്രമേ ആംബുലൻസ് വാങ്ങുന്നതിനായി തുക വകയിരുത്താനാവൂ.

<u>ശുപാർശ</u>

2230-01-001-97 <u>ലേബർ കമ്മീഷണറേറ്റിന്റെ ആധുനികവൽക്കരണം</u>

വിഹിതം : 25,00,000 രൂപ (പ്ലാൻ)

ലേബർ കമ്മീഷണറേറ്റിലെ വിവിധ ആഫീസുകളിൽ ഘട്ടംഘട്ടമായി കമ്പ്യൂട്ടറൈസേഷൻ പൂർത്തീകരിച്ചുവരികയാണ്. കമ്പ്യൂട്ടറൈസേഷൻ പ്രവർത്തികൾ പൂർത്തീകരണത്തിനായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന 25 ലക്ഷം രൂപയ്ക്കുപുറമേ 25 ലക്ഷം രൂപ കൂടി ആവശ്യമായി വരുമെന്നതിനാൽ, ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ പരിമിതി കാരണം അധിക തുക അനുവദിക്കാൻ ഇപ്പോൾ നിർവ്വാഹമില്ല. അത്യാവശ്യ സന്ദർഭങ്ങളിൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതങ്ങളുടെ പുനഃക്രമീകരണത്തിലൂടെ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ശുപാർശ

2230-01-103-96 കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി അംശദാനം

വിഹിതം : 4,73,00,000 രൂപ (നോൺ പ്ലാൻ)

കേരള കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി നിയമപ്രകാരം തൊഴിലുടമകളുടെ അംശദാന വിഹിതത്തിന് തുല്യമായ തുക സർക്കാരിൽ നിന്ന് അംശദാനമായി നിശ്ചയിച്ചിട്ടുണ്ട്. 2009-2010-ൽ ബഡ്ജറ്റ് വിഹിതമായി 4,30,00,000 രൂപയും അഡീഷണൽ ഓതറൈസേഷനിലൂടെ 3,50,00,000 രൂപയും ഉൾപ്പെടെ ആകെ 7,80,00,000 രൂപ അനുവദിച്ചിരുന്നു. 2010-11-ൽ 4,73,00,000 രൂപ വകയിരുത്തിയിട്ടുണ്ട്. ക്ഷേമ പെൻഷനുകൾ 300 രൂപയായി വർദ്ധിപ്പിക്കുമെന്ന് 2010-11-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതിനാൽ വർദ്ധിപ്പിച്ച നിരക്കിൽ പെൻഷൻ നൽകേണ്ടിവരുന്ന സാഹചര്യത്തിൽ ഈ വർഷം അനുവദിച്ചിരിക്കുന്ന 4,73,00,000 രൂപ തികച്ചും അപര്യാപ്തമാണ്. ആയതിനാൽ, ഈ ശീർഷകത്തിൽ 10 കോടി രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സ്വീകരിച്ച നടപടി

2010-11 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബഡ്ജറ്റിൽ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന് വകയിരുത്തിയിരുന്ന 4,73,00,000 രൂപ അനുവദിച്ചതിനുപുറമെ അഡീഷണൽ ആതറൈസേഷൻവഴി 10-8-2010-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1404/2010/തൊഴിൽ. പ്രകാരം 7.77 കോടി രൂപയും 16-8-2010-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1430/2010/തൊഴിൽ. നമ്പർപ്രകാരം 3.23 കോടി രൂപയും (ആകെ 11 കോടി രൂപ) അനുവദിച്ചിട്ടുണ്ട്.

ശുപാർശ

2230-01-103-94 മരംകയറ്റ തൊഴിലാളികൾക്കുള്ള സാമ്പത്തിക സഹായം (ജനറൽ)

വിഹിതം : 77,00,000 രൂപ (നോൺ പ്ലാൻ)

മരംകയറ്റത്തൊഴിലാളികൾക്ക് ജോലിക്കിടയിൽ അപകടം സംഭവിക്കുകയാണെങ്കിൽ അവർക്കോ, ആശ്രിതർക്കോ സാമ്പത്തിക സഹായം നൽകുന്നതിനുള്ളതാണ് ഈ പദ്ധതി. 18-10-2007-ലെ സർക്കാർ ഉത്തരവ് (എംഎസ്.) 138/07/ തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം മരംകയറ്റ തൊഴിലാളിക്ക് തൊഴിലിനിടയിൽ അപകടത്തിൽപ്പെട്ട് മരണം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിയുടെ ആശ്രിതർക്ക് 50,000 രൂപയും സ്ഥായിയായ അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിക്ക് 25,000 രൂപയും നൽകിവരുന്നു. 2009-10 സാമ്പത്തികവർഷം ഈ

ഇനത്തിൽ 70 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടായിരുന്നു. ഈ തുക 2009 ആഗസ്റ്റോടുകൂടി കൊടുത്തുതീർത്തു. ഈ തുകകൊണ്ട് 2009 മേയ് മാസംവരെ പാസ്സാക്കിയ അപേക്ഷകരുടെ ആനുകൂല്യം മാത്രമേ കൊടുത്തുതീർക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. തുടർന്നുള്ള 10 മാസങ്ങളിലായി ജില്ലാ ലേബർ ഓഫീസർമാർ പാസ്സാക്കിയിട്ടുള്ള 276 അപേക്ഷകളിൽ ആനുകൂല്യം കൊടുക്കുന്നതിന് സാധിച്ചിട്ടില്ല. പ്രസ്തുത അപേക്ഷകളിൽ ആനുകൂല്യം കൊടുത്തുതീർക്കുന്നതിനായി 1,12,50,000 രൂപ ആവശ്യമായിട്ടുണ്ട്. 2010-11 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ 77,00,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ തുക 2009-10-ലെ കുടിശ്ശിക കൊടുത്തുതീർക്കുവാൻ തന്നെ തികയുകയില്ല. ഈ സാഹചര്യത്തിൽ 2 കോടി രൂപ കൂടി അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

## സ്വീകരിച്ച നടപടി

മരംകയറ്റ തൊഴിലാളികൾക്ക് എക്സ്-ഗ്രേഷ്യ സാമ്പത്തികസഹായം അനുവദിക്കപ്പെട്ടിട്ടുള്ള ഉത്തരവനുസരിച്ച്, സാമ്പത്തികസഹായം നൽകുന്നതിനായി ഒരു കോടി രൂപ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഈ വലിയ സംഖ്യ ധനഃപുനർവിനിയോഗം വഴി ലഭ്യമാക്കുന്നതിനുള്ള നീക്കിയിരുപ്പ് '2230-01' ശീർഷകത്തിൽ ഇല്ലെന്നും ആയതിനാൽ XXIV-ാം ഡിമാന്റിലുൾപ്പെട്ടിട്ടുള്ള ഏതെങ്കിലും ശീർഷകത്തിൽനിന്നും ധനഃപുനർവിനിയോഗത്തിലൂടെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ലേബർ കമ്മീഷണർ ആവശ്യപ്പെട്ടിരുന്നു. ആയതിനാൽ ഈ തുക XXIV-ാം നമ്പർ ഡിമാന്റിലുൾപ്പെട്ടിട്ടുള്ള '2230-01' ശീർഷകത്തിൽ അല്ലാതെ മറ്റേതെങ്കിലും ശീർഷകത്തിൽ നിന്നും ധനഃപുനർവിനിയോഗത്തിലൂടെ ലഭ്യമാക്കുന്നതിന് തൊഴിലും പുനരധിവാസവും (സി) വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഒരു കോടി രൂപ ധനഃപുനർവിനിയോഗം ചെയ്ത്, ആയതിന്മേൽ ഉത്തരവ് പുറപ്പെടുവിച്ച് 14 ജില്ലാ ലേബർ ഓഫീസുകളിലും അലോട്ട്മെന്റ് എത്തിച്ച് തുക പിൻവലിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ 2010-11 വർഷം ഈ വിഷയത്തിൽ അനന്തര നടപടി സ്വീകരിക്കേണ്ടതില്ലെന്ന ലേബർ കമ്മീഷണറുടെ അഭിപ്രായം കണക്കിലെടുത്ത് സബ്ജക്റ്റ് കമ്മിറ്റി ശുപാർശ ചെയ്ത (ശുപാർശ 27) രണ്ട് കോടി രൂപ അനുവദിച്ചിട്ടില്ല.

## ശുപാർശ

2230-01-103-92 <u>കേരളത്തിലെ കൈത്തറിത്തൊഴിലാളികൾക്കുവേണ്ടിയുള്ള ക്ഷേമപദ്ധതി</u>

വിഹിതം : 25,00,000 രൂപ (നോൺ പ്ലാൻ)

1989-ലെ കൈത്തറിത്തൊഴിലാളി ക്ഷേമനിധി ആക്ട് പ്രകാരം കൈത്തറി തൊഴിലാളികളും സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും ഒരു വർഷം അംശദാനമായി നൽകിയ തുകയുടെ ഇരട്ടിക്ക് തുല്യമായ തുക വർഷംതോറും സർക്കാർ ഈ നിധിയിലേക്ക് അംശദാനമായി നൽകേണ്ടതുണ്ട്. 2009-10 സാമ്പത്തികവർഷം കൈത്തറിത്തൊഴിലാളി ക്ഷേമനിധി ബോർഡിന്

3,92,34,500 രൂപയാണ് നൽകിയത്. മുൻ വർഷങ്ങളിൽ സർക്കാർ നൽകിയ അംശദാന വുമായി താരതമ്യപ്പെടുത്തുമ്പോൾ 2010-11-ലേക്ക് അനുവദിച്ച 25,00,000 രൂപ അപര്യാപ്തമാണ്. ക്ഷേമ പെൻഷനുകൾ 50 രൂപ കണ്ട് വർദ്ധിപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ 4,00,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

## സ്വീകരിച്ച നടപടി

2010-11 സാമ്പത്തിക വർഷത്തിൽ "2230-01-103-92-കേരളത്തിലെ കൈത്തറി തൊഴിലാളികൾക്കു വേണ്ടിയുള്ള ക്ഷേമപദ്ധതി" ഹെഡിൽ അനുവദിച്ച 25,00,000 രൂപ 24-7-2010-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1300/10/തൊഴിൽ പ്രകാരം കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ പെൻഷൻ വിതരണം നടത്തുന്നതിനായി അനുമതി നൽകി ഉത്തരവായിരുന്നു. കൂടാതെ 12-8-2010-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1416/2010/തൊഴിൽ പ്രകാരം ബോർഡിൽ സെപ്റ്റംബർ 2010 വരെയുള്ള പെൻഷൻ വിതരണത്തിനായി 1,73,45,000 രൂപയും 28-2-2011-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 354/2011/തൊഴിൽ പ്രകാരം ബോർഡിൽ മാർച്ച് 2011 വരെയുള്ള പെൻഷൻവിതരണത്തിനായി 2,03,18,000 രൂപയും അനുവദിച്ചിരുന്നു. ബോർഡിന് '2230-01-103-92-10' ഹെഡിൽ അനുവദിച്ചിരുന്ന 25,00,000 രൂപയ്ക്ക് പുറമെ ബോർഡിൽ നിന്നും പെൻഷൻ വിതരണത്തിനായി ആവശ്യപ്പെട്ടിരുന്ന മുഴുവൻ തുകയായ 3,76,63,000 രൂപകൂടി (Rs. 1,73,45,000 + Rs. 2,03,18,000) അനുവദിച്ചിട്ടുണ്ട്.

## ശുപാർശ

2230-01-103-85 അസംഘടിത തൊഴിലാളികൾക്കുള്ള സഹായം

വിഹിതം : 15,00,000 രൂപ (പ്ലാൻ)

ബാലവേല നിർമ്മാർജ്ജനത്തിനുള്ള ബോധവൽക്കരണം അന്തർസംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ അവകാശങ്ങളെ സംബന്ധിച്ചുള്ള ബോധവൽക്കരണം, ആരോഗ്യരംഗങ്ങളിൽ അവർക്ക് ആവശ്യമായ ചികിത്സ ലഭ്യമാക്കൽ, അസംഘടിത മേഖലയിലെ ദിവസ വേതനക്കാരായ തൊഴിലാളികൾക്ക് അപകടം സംഭവിച്ചാൽ 2000 രൂപ നിരക്കിൽ സാമ്പത്തിക സഹായം ലഭ്യമാക്കൽ ഇവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങൾ. ഈ സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന 15,00,000 രൂപ ബാലവേല നിർമ്മാർജ്ജനത്തിനും അന്തർസംസ്ഥാന കുടിയേറ്റ തൊഴിലാളി ബോധവൽക്കരണ/മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നതിനും വേണ്ടിയുള്ളതാണ്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് അപകടം സംഭവിക്കുമ്പോൾ നൽകുവാനുള്ള സഹായധനം ഈ ശീർഷകത്തിൽ വക കൊള്ളിച്ചിട്ടില്ല. ഇതിനായി 1,00,00,000 രൂപകൂടി ഈ ശീർഷകത്തിൽ വകയിരുത്തണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സ്വീകരിച്ച നടപടി

ബാലവേല നിർമ്മാർജ്ജനത്തിനും അന്തർസംസ്ഥാന കുടിയേറ്റ തൊഴിലാളി ബോധവൽക്കരണ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നതിനുംവേണ്ടി 2010-11-ൽ 2230-01-103-85 എന്ന ശീർഷകത്തിൽ അനുവദിച്ച 15 ലക്ഷം രൂപയ്ക്കുപുറമേ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് അപകടം സംഭവിക്കുമ്പോൾ ധനസഹായം നൽകുന്നതിനായി ഒരു കോടി രൂപ അനുവദിക്കണമെന്ന ശുപാർശ പരിഗണിച്ച് രാഷ്ട്രീയ സ്വാസ്ഥ്യബീമായോജന നടപ്പിലാക്കുന്നതിനായി 2230-01-800-99 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 40 കോടി രൂപയിൽ 1 കോടി രൂപ 2230-01-103-85 എന്ന ശീർഷകത്തിലേക്ക് ധനപുനർവിനിയോഗം ചെയ്യുന്ന കാര്യം ആസൂത്രണ സാമ്പത്തികകാര്യം, ധനകാര്യം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് പരിശോധിച്ചിരുന്നു. എന്നാൽ കേന്ദ്രാവിഷ്ക്കൃത പദ്ധതിക്കുവേണ്ടി വകയിരുത്തിയിരുന്ന കേന്ദ്രവിഹിതത്തിൽ നിന്നും സംസ്ഥാന പദ്ധതിക്കുവേണ്ടി തുക വകമാറാൻ നിർവ്വാഹമില്ലാത്തതിനാൽ സബ്ജക്റ്റ് കമ്മിറ്റി ശുപാർശ ചെയ്തപ്രകാരം ഒരു കോടി രൂപ അധികമായി 2010-2011 ബഡ്ജറ്റിൽ വകയിരുത്താൻ സാധിച്ചിട്ടില്ല.

ശുപാർശ

2230-01-103-79 കേരള ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് തൊഴിലാളികളുടെ വിഹിതം അടയ്ക്കുന്നതിനുള്ള ഗ്രാന്റ്

വിഹിതം : 20,00,000 രൂപ (നോൺ പ്ലാൻ)

ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 20 ലക്ഷം രൂപയ്ക്കുപുറമേ 30 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സ്വീകരിച്ച നടപടി

2-2-2011-ലെ സ.ഉ. (സാധാ)188/2011/തൊഴിൽപ്രകാരം 2010-2011 സാമ്പത്തിക വർഷം കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന് ഗ്രാന്റിനത്തിൽ 4.80 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ശുപാർശ

2230-01-103-78 1-4-1997-ന് 60 വയസ്സുതികയുന്ന ചുരുട്ടുതൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിന്

വിഹിതം : 6,00,000 രൂപ (നോൺ പ്ലാൻ)

എല്ലാ വിഭാഗം പെൻഷനും 300 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ 9 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

<u>സ്വീകരിച്ച നടപടി</u>

പുതുക്കിയ നിരക്കിൽ പെൻഷൻ നൽകാൻ ആവശ്യമായ അധിക തുക അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

2230-01-103-73 <u>കേരള ബീഡി സിഗാർ തൊഴിലാളി ക്ഷേമനിധി അംശദാനം</u>

വിഹിതം : 15,00,000 രൂപ (നോൺ പ്ലാൻ)

2010 മാർച്ച് വരെ പെൻഷൻ വിതരണത്തിനും ബോർഡിലേക്ക് അംശദാനം നൽകുന്നതിനുമായി ആകെ 1,16,15,000 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ 2010-11-ൽ 15,00,000 രൂപ മാത്രമാണ് ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളത്. ക്ഷേമ പെൻഷൻ 50 രൂപ കണ്ട് വർദ്ധിപ്പിച്ച സാഹചര്യത്തിലും മുൻ വർഷങ്ങളിൽ ഈ ശീർഷകത്തിലുണ്ടായിട്ടുള്ള ചെലവും കണക്കിലെടുത്ത് 1,25,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

<u>സ്വീകരിച്ച നടപടി</u>

ബന്ധപ്പെട്ട ക്ഷേമനിധി നിയമത്തിലെ സർക്കാർ അംശദാനം സംബന്ധിച്ച വ്യവസ്ഥകൾക്കനുസൃതമായ അംശദാനം ഘട്ടം ഘട്ടമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശുപാർശ</u>

2230-01-103-72 <u>കേരള കർഷക തൊഴിലാളി ക്ഷേമ ബോർഡ് അംശദാനം</u>

വിഹിതം : 55,00,000 രൂപ (നോൺ പ്ലാൻ)

2009-10-ൽ കേരള കർഷക തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്ക് അതിവർഷാനുകൂല്യം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം തുടങ്ങി ബോർഡ് നൽകേണ്ടുന്ന ആനുകൂല്യങ്ങൾ കുടിശ്ശികയായ സാഹചര്യത്തിൽ പ്രത്യേക പാക്കേജിലൂടെ 114.69 കോടി രൂപയുടെ ധനസഹായം സർക്കാർ പ്രഖ്യാപിക്കുകയും 2009-10-ൽ 2 ഗഡുക്കളായി 75 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പാക്കേജിന്റെ ഭാഗമായി ഇനി 39.69 കോടി രൂപ കൂടി നൽകുവാനുണ്ട്. ആയതിനാൽ, 39.69 കോടി രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

<u>സ്വീകരിച്ച നടപടി</u>

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് അതിവർഷാനുകൂല്യ കുടിശ്ശിക നൽകുന്നതിന് അനുവദിച്ചിരുന്ന 114.9 കോടി രൂപയിൽ അവശേഷിച്ചിരുന്ന 39.9 കോടി രൂപ ജൂലൈ 2010-ലെ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി 4-8-2010-ലെ സ. ഉ. (എംഎസ്.) 88/10/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്.

2230-01-103-51 <u>സാമൂഹ്യ സുരക്ഷയ്ക്കായുള്ള സുപ്രധാന പരിപാടി</u>

വിഹിതം : 1,00,00,000 രൂപ (പ്ലാൻ)

സംസ്ഥാനത്തെ എഴുത്തച്ചൻ-ആശാട്ടി തുടങ്ങി അസംഘടിത മേഖലയിലെ 60 വയസ്സ് കഴിഞ്ഞ തൊഴിലാളികൾക്ക് പെൻഷൻ അനുവദിക്കുന്ന ഒരു പദ്ധതിയാണിത്. കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളിക്ഷേമ പദ്ധതിയിൽ അംഗത്വം കൈക്കൊണ്ട് 10 കൊല്ലം വരിസംഖ്യ അടച്ച് 60 വയസ്സ് പൂർത്തിയായി റിട്ടയർ ചെയ്യുന്ന തൊഴിലാളികൾക്ക് 250 രൂപ നിരക്കിൽ പെൻഷൻ നൽകുകയാണ് ചെയ്യുന്നത്. 2010-11-ൽ 1,00,00,000 രൂപ ഇതിനായി വകകൊള്ളിച്ചിട്ടുണ്ടെങ്കിലും ബാദ്ധ്യത മുഴുവൻ കൊടുത്തു തീർക്കുന്നതിനും വർദ്ധിപ്പിച്ച നിരക്കിലുള്ള പെൻഷൻ നൽകുന്നതിനുമായി 3,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

<u>സ്വീകരിച്ച നടപടി</u>

അസംഘടിത മേഖലയിലെ 60 വയസ്സ് കഴിഞ്ഞ തൊഴിലാളികൾക്ക് 3/2011 വരെയുള്ള പെൻഷൻ നൽകുന്നതിന് അധികമായി വേണ്ടി വരുന്ന തുക Reappropriation വഴി കണ്ടെത്താൻ സാധിക്കാത്തതിനാൽ സമിതി ശുപാർശ ചെയ്ത 3 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്താൻ സാധിച്ചില്ല.

<u>ശുപാർശ</u>

2230-01-103-45 <u>പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളി കുടുംബങ്ങൾക്ക് സൗജന്യറേഷൻ</u>

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

സംസ്ഥാനത്തെ അടഞ്ഞുകിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് സൗജന്യമായി റേഷൻ നൽകുന്നതിനുള്ള പദ്ധതിയാണിത്. 2009-10-ൽ സൗജന്യ റേഷൻ നൽകിയതിലുള്ള നാല് മാസത്തെ കുടിശ്ശിക തീർക്കുന്നതിനായി 22,65,000 രൂപ അനുവദിച്ചിരുന്നു. 2010 മാർച്ച് മാസം വരെ റേഷൻ നൽകുവാനായി സർക്കാർ അനുമതി ഉണ്ടെങ്കിലും തുക അനുവദിച്ചു നൽകിയിട്ടില്ല. 2010-11-ലേക്ക് ഈ ശീർഷകത്തിൽ 1,000 രൂപ മാത്രമേ ഉൾക്കൊള്ളിച്ചിട്ടുള്ളൂ. ആയതിനാൽ, 1 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ അടഞ്ഞുകിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് മാർച്ച് 2010 വരെ സൗജന്യ റേഷൻ നല്കിയ ഇനത്തിൽ കുടിശ്ശികയുണ്ടായിരുന്ന 64,98,000 രൂപ 2010-11 സാമ്പത്തികവർഷം കൊടുത്ത് തീർത്തിട്ടുണ്ടായിരുന്നു. സംസ്ഥാനത്ത് രണ്ട് രൂപ നിരക്കിൽ അരി വിതരണം നടത്തിയിരുന്ന സാഹചര്യത്തിൽ

തോട്ടം തൊഴിലാളികൾക്ക് നല്കി വന്നിരുന്ന സൗജന്യറേഷൻ 2010 മാർച്ചിനുശേഷം നിർത്തൽ ചെയ്ത സാഹചര്യത്തിൽ ഈ ഇനത്തിൽ തുകയൊന്നും അധികം ആവശ്യമായി വന്നിട്ടില്ല.

ശുപാർശ

2230-01-103-35 കേരള ചുമട്ടുതൊഴിലാളി (ചിതറിക്കിടക്കുന്ന വിഭാഗം) ക്ഷേമ പദ്ധതി

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിന് കീഴിൽ സംസ്ഥാനത്തെ ചിതറിക്കിടക്കുന്ന ചുമട്ടുതൊഴിലാളികൾക്കായുള്ള ക്ഷേമ പദ്ധതിയുടെ ചെലവിനത്തിനുള്ളതാണ് ഈ ശീർഷകത്തിൽ അനുവദിക്കുന്ന തുക. 2009-10-ൽ ഈ ശീർഷകത്തിൽ 1,28,47,000 രൂപ അനുവദിച്ചിരുന്നു. കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ റിപ്പോർട്ട് പ്രകാരം 2009-10-ൽ 91,20,000 രൂപകൂടി ആവശ്യമുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. 2010-11-ലെ ബഡ്ജറ്റിൽ 1000 രൂപ മാത്രമേ വകകൊള്ളിച്ചിട്ടുള്ളു. ഈ സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 2 കോടി രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

സ്വീകരിച്ച നടപടി

കേരള ചുമട്ടു തൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമപദ്ധതിക്കുള്ള പ്രത്യേക ധനസഹായമായി, 2230-01-103-35-10 (നോൺ പ്ലാൻ) ശീർഷകത്തിൽ അഡീഷണൽ ഓതറൈസേഷൻ മുഖേന രണ്ടര കോടി രൂപ 21-8-2010-ലെ ജി.ഒ. (ആർടി.) നമ്പർ 6399/10/ഫിൻ പ്രകാരം കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന് അനുവദിച്ചു.

ശുപാർശ

2230-02-198-50 ഗ്രാമപഞ്ചായത്തുകൾക്കുള്ള ധനസഹായം

വിഹിതം : 46,26,03,000 രൂപ (നോൺ പ്ലാൻ)

2009-10-ലെ ബഡ്ജറ്റ് വിഹിതമുപയോഗിച്ച് ഒക്ടോബർ 2009 വരെയുള്ള തൊഴിൽരഹിത വേതന വിതരണം മാത്രമെ നടത്തിയിട്ടുള്ളു. നവംബർ 2009 മുതൽ ഫെബ്രുവരി 2010 വരെയുള്ള വേതന വിതരണത്തിനായി 2010-11-ലേക്ക് 66,98,76,480 രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 52,11,79,000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ തൊഴിൽരഹിത വേതനത്തിന്റെ കുടിശ്ശിക കൊടുക്കുന്നതിനായി 14,86,97,480 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സ്വീകരിച്ച നടപടി

ഫൈനൽ എസ്.ഡി.ജി. കഴിഞ്ഞതിനാലും, റീ അപ്രോപ്രിയേഷൻ വഴി ഫണ്ട് ലഭ്യമാക്കാൻ കഴിയാത്തതിനാലും, സമിതി ശുപാർശ ചെയ്തപ്രകാരമുള്ള തുക

അധികമായി 31-3-2011-ന് മുമ്പ് അനുവദിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ കൂടുതൽ തുക അനുവദിക്കുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ ഫയൽ 5-4-2011-ൽ ധനകാര്യ വകുപ്പിലേക്ക് അയച്ചിട്ടുണ്ട്.

ശുപാർശ

2230-03-101-87 ഐ.റ്റി.ഐ.കളുടെ നവീകരണം

വിഹിതം : 13,00,00,000 രൂപ (പ്ലാൻ)

സംസ്ഥാനത്തെ ഐ.ടി.ഐ.കളിലെ നിലവിലുള്ള ട്രേഡുകൾ, ഉപകരണങ്ങൾ എന്നിവയുടെ നവീകരണം, നിലവിലുള്ള ഐ.ടി.ഐ.കളുടെ പദവി ഉയർത്തൽ, തൊഴിലധിഷ്ഠിത ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കൽ, എൻ.സി.വി.റ്റി.യുമായി അഫിലിയേറ്റ് ചെയ്യുന്നതിന് ആവശ്യമായ യന്ത്രോപകരണങ്ങളുടെ സംഭരണം, നിലവിലുള്ള ഐ.ടി.ഐ.കളിൽ തൊഴിൽ സാദ്ധ്യത കുറഞ്ഞ ട്രേഡുകൾ നിർത്തലാക്കി ആധുനിക ട്രേഡുകൾ തുടങ്ങുക, കൂടുതൽ യൂണിറ്റുകൾ ഉള്ള ട്രേഡുകളിൽ ആധുനിക യൂണിറ്റുകൾ നവീകരിക്കുക, മുൻ വർഷം ആരംഭിച്ച 10 ഐ.ടി.ഐ.കളിൽ അധിക യൂണിറ്റുകൾ അനുവദിക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് ഈ ശീർഷകത്തിൽ വകകൊള്ളിച്ചിരിക്കുന്ന തുകകൊണ്ട് ഉദ്ദേശിക്കുന്നത്. മേൽ സൂചിപ്പിച്ചിരിക്കുന്ന പ്രവർത്തനങ്ങൾക്ക് ഈ സാമ്പത്തിക വർഷം അനുവദിച്ച 13 കോടി രൂപ അപര്യാപ്തമായതിനാൽ വകുപ്പ് ആവശ്യപ്പെട്ട 2525.24 ലക്ഷം രൂപ പൂർണ്ണമായും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്ത അധികം തുക അനുവദിച്ചിട്ടില്ല. എന്നാൽ പദ്ധതി നടത്തിപ്പിനായി അനുവദിച്ചിട്ടുള്ള 13 കോടി രൂപയിൽ 31-3-2011 വരെ 10,70,51,534 രൂപ ചിലവഴിച്ചിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷത്തിൽ 18.50 കോടി രൂപ ഈ ഇനത്തിൽ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

ശുപാർശ

2230-03-101-80 പുതിയ ഐ.ടി.ഐ.കൾ സ്ഥാപിക്കൽ

വിഹിതം : ഇല്ല

സംസ്ഥാനത്ത് പുതിയ ഐ.ടി.ഐ.കൾ തുടങ്ങുന്നതിനും ആവശ്യമായ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനും, ജീവനക്കാരുടെ ശമ്പളം മുതലായവയ്ക്കുമായി 1900 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഈ സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ 1900 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

സ്വീകരിച്ച നടപടി

ഈ ആവശ്യത്തിനായി ആദ്യ ബാച്ച് എസ്.ഡി.ജി. മുഖേന സാധന സംഭര ണത്തിനായി 5.27 കോടി രൂപയും ശമ്പളയിനത്തിൽ ടോക്കൺ പ്രൊവിഷനായി 1,000 രൂപയും അനുവദിച്ചിരുന്നു. ഇതിനു പുറമേ അഡീഷണൽ ആതറൈസേഷൻ മുഖേന ശമ്പളത്തിനും മറ്റ് ചിലവുകൾക്കുമായി 1,28,75,000 രൂപയും അനുവദിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 31-3-2011 വരെ 2,75,95,911 രൂപ ചെലവഴിച്ചിട്ടുണ്ട്.

ശുപാർശ

2230-03-101-79 കേരള സ്റ്റേറ്റ് ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ട്

വിഹിതം : 3,00,00,000 രൂപ (പ്ലാൻ)

സംസ്ഥാനത്തെ പരമ്പരാഗത കരകൗശല മേഖലയെ നവ ഊർജ്ജം നൽകി പുനരുജ്ജീവിപ്പിക്കാൻ സ്ഥാപിതമായിട്ടുള്ള കേരള സ്റ്റേറ്റ് ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിട നിർമ്മാണത്തിന് അധികമായി ആവശ്യമുള്ള 108 ലക്ഷം രൂപ കൂടി അനുവ ദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

സ്വീകരിച്ച നടപടി

അധികമായി 108 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല. അനുവദിച്ച 3 കോടി രൂപ കെ.എസ്.ഐ.ഡി.ക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ പ്രസ്തുത സ്ഥാപനത്തിൽ ടെക്സ്റ്റൈൽസ് ആന്റ് അതർ നാച്ചുറൽ ഫൈബർ ക്രാഫ്റ്റ്സുമായി ബന്ധപ്പെട്ട പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിലേയ്ക്കായി ധന-പുനർ വിനിയോഗം വഴി 2230-03-800-85 എംപ്ലോയ്മെന്റ് ആന്റ് ഫിനിഷിംഗ് സ്കൂൾ ശീർഷകത്തിൽ നിന്ന് 79,25,000 രൂപ സ.ഉ. (ആർടി.) നമ്പർ 2685/11/ഫിൻ തീയതി 31-3-2011 പ്രകാരം അനു വദിക്കുകയും ആയത് കെ.എസ്.ഐ.ഡി.ക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

ശുപാർശ

2230-03-800-99 പ്രത്യേക തൊഴിൽ പരിശീലനം

വിഹിതം : 5,00,000 രൂപ (പ്ലാൻ)

വ്യവസായ ശാലകളിൽ പ്രവൃത്തി പരിചയം ഉള്ളവർക്കും ഐ.ടി.ഐ., ഡിപ്ലോമ, ഡിഗ്രി പാസ്സായവർക്കും, ആധുനിക ഉപകരണങ്ങളിൽ പരിശീലനം നൽകി പ്രാപ്തരാക്കുകയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനാവശ്യമായ സാധന സാമഗ്രികൾ വാങ്ങുന്നതിലേയ്ക്കായി 66.03 ലക്ഷം രൂപയാണ് ആവശ്യപ്പെട്ടിരു ന്നതെങ്കിലും 1 ലക്ഷം രൂപ മാത്രമാണ് ഇതിനായി അനുവദിച്ചിട്ടുള്ളത്. ആയതിനാൽ യന്ത്രസാമഗ്രികൾ വാങ്ങുന്നതിലേക്കായി 65.03 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

## സ്വീകരിച്ച നടപടി

സമിതി അധികമായി 65.03 ലക്ഷം രൂപ യന്ത്ര സാമഗ്രികൾ വാങ്ങുന്നതിനായി അനുവദിക്കണമെന്ന് ശുപാർശ ചെയ്തിരുന്നെങ്കിലും കൂടുതൽ തുകയൊന്നും അനുവദിച്ചിട്ടില്ല. ടി ശീർഷകത്തിൽ അനുവദിച്ച 5 ലക്ഷം രൂപയിൽ 31-3-2011 വരെ 4,77,768 രൂപ ചെലവഴിച്ചിട്ടുണ്ട്.

## ശുപാർശ

2230-03-800-86 ആസൂത്രണ നിരീക്ഷണ വിഭാഗം--നവീകരണവും കമ്പ്യൂട്ടർ വൽക്കരണവും

വിഹിതം - 10,00,000 രൂപ (പ്ലാൻ)

കമ്പ്യൂട്ടറും മറ്റ് ബന്ധപ്പെട്ട സൗകര്യങ്ങളുമുൾപ്പെടെ പരിശീലനം ലഭിച്ച ജീവനക്കാരുടെ സഹായത്തോടെ ഡയറക്ടറേറ്റിലെ ആസൂത്രണ നിരീക്ഷണ വിഭാഗം ആധുനീകരിച്ച് ശക്തിപ്പെടുത്തുക, ഐ.ടി. വികസനത്തിനുള്ള പദ്ധതികൾ തയ്യാറാക്കി അവയുടെ നടത്തിപ്പിന്റെ പുരോഗതി വിലയിരുത്തുക, ഐ.ടി.ഐ.കളിലെ പ്ലേസ്മെന്റ് സെല്ലുകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ചുകൊണ്ട് ഒരു സെൻട്രൽ പ്ലേസ്മെന്റ് സെൽ ആയി പ്രവർത്തിക്കുക എന്നിവയാണ് ആസൂത്രണ നിരീക്ഷണ വിഭാഗത്തിന്റെ ചുമതലകൾ. കമ്പ്യൂട്ടർ സംവിധാനത്തിൽ ഓൺലൈൻ വഴി വരവു ചെലവുകൾ ശേഖരിക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ വികസനത്തിനും മറ്റുമായി ആവശ്യമായ സാധനസാമഗ്രികൾ സംഭരിക്കുന്നതിന് 60 ലക്ഷം രൂപ ആവശ്യപ്പെട്ടുവെങ്കിലും 10 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ബാക്കി 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

## സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കുകയുണ്ടായില്ല. ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 10 ലക്ഷം രൂപയിൽ 31-3-2011 വരെ 3,14,508 രൂപ മാത്രമേ ചിലവഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ. വിവിധ കമ്പനികൾക്ക് വിതരണ ഉത്തരവുകൾ നൽകിയിരുന്നെങ്കിലും നിശ്ചിത സമയത്തിനുള്ളിൽ വിതരണം നടത്താതിരുന്നതിനാലാണ് തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തത്.

## ശുപാർശ

4250-00-201-96 ലേബർ കമ്മീഷണറുടെ ഓഫീസ്—കെട്ടിടം പണിയുന്നതിന്

(01) മരാമത്ത് പണികൾ

വിഹിതം : 30,00,000 രൂപ (പ്ലാൻ)

തിരുവനന്തപുരത്ത് പി. എം. ജി. ജംഗ്ഷനിൽ വികാസ് ഭവൻ ബസ് സ്റ്റാന്റിന് എതിർവശം സർക്കാർ ഭൂമിയിൽ ലേബർ കോംപ്ലക്സ് എന്ന കെട്ടിടം പി. ഡബ്ല്യു. ഡി. നിർമ്മിച്ചുവരികയാണ്. 3,15,52,000 രൂപ ചെലവിൽ നിർമ്മിക്കുന്ന

പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം, കോൺട്രാക്ട് റദ്ദ് ചെയ്ത സാഹചര്യത്തിൽ നിലച്ചിരിക്കുന്നുവെങ്കിലും റീ ടെണ്ടർ നടപടികൾ പൂർത്തിയാക്കി വീണ്ടും ആരംഭിക്കുന്നതിന് നടപടി കൈക്കൊണ്ടിരിക്കുകയാണ്. 2010-11-ൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പുതുക്കിയ ടെണ്ടറനുസരിച്ച് പണി പൂർത്തിയാക്കുവാൻ ഒരു കോടി അറുപതു ലക്ഷം രൂപ കൂടി വേണ്ടിവരും. ആയതിനാൽ, 1 കോടി 60 ലക്ഷം രൂപകൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതി കാരണം വിഹിതം ഗണ്യമായി വർദ്ധിപ്പിക്കാൻ നിർവ്വാഹമില്ല എന്ന് അറിയിക്കുന്നു.

ശുപാർശ

പൊതുശുപാർശ

നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിച്ച് ഐ.ടി.ഐ.കളിൽ മൂന്നാമത്തെ ഷിഫ്റ്റ് തുടങ്ങുവാനും അതോടൊപ്പം ട്രെയിനിംഗ് കപ്പാസിറ്റി വർദ്ധിപ്പിക്കുവാനും ഡി.ജി.ഇ. & റ്റി. നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ആദ്യഘട്ടം എന്ന നിലയ്ക്ക് സംസ്ഥാനത്തെ 11 ഐ.ടി.ഐ.കളിലെ 23 ട്രേഡുകളിലുള്ള 60 യൂണിറ്റുകളിൽ മൂന്നാമത്തെ ഷിഫ്റ്റ് ആരംഭിക്കുവാൻ പദ്ധതിയുണ്ട്. ഇതിനായി 356.40 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ ആവശ്യപ്പെട്ട 356.64 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

സ്വീകരിച്ച നടപടി

അധികമായി 356.64 ലക്ഷം രൂപ ഐ.ടി.ഐ.കളിൽ മൂന്നാമത്തെ ഷിഫ്റ്റ് ആരംഭിക്കുന്നതിനായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല. 2011-12 വർഷത്തെ ബഡ്ജറ്റിൽ ഐ.ടി.ഐ. കളിൽ മൂന്ന് ഷിഫ്റ്റ് ആരംഭിക്കുന്നതിനായി 300 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

2235-60-102-98 കർഷകത്തൊഴിലാളി പെൻഷൻ (നോൺ പ്ലാൻ)

1. 2235-60-102-98-198 ഗ്രാമപഞ്ചായത്ത്

   വിഹിതം : 199,38,64,000 രൂപ

2. 2235-60-102-98-192 മുനിസിപ്പാലിറ്റി

   വിഹിതം : 10,39,99,000 രൂപ

3. 2235-60-102-98-191 കോർപ്പറേഷൻ

   വിഹിതം : 1,69,48,000 രൂപ

തൊഴിൽ വകുപ്പ് മുഖേനയാണ് കേരളത്തിലെ കർഷകത്തൊഴിലാളികൾക്ക് പെൻഷൻ നൽകിവരുന്നത്. 2010-11-ലെ ബഡ്ജറ്റിൽ എല്ലാ ക്ഷേമ പെൻഷനുകളും 300 രൂപ ആക്കി വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ച സാഹചര്യത്തിൽ കർഷകത്തൊഴിലാളി പെൻഷൻ വിതരണത്തിന് അധികമായി ആവശ്യം വരുന്ന 1,21,00,000 രൂപകൂടി ഈ ശീർഷകങ്ങളിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

<u>സ്വീകരിച്ച നടപടി</u>

ഉപഭോക്താക്കളായ കേരള കർഷക തൊഴിലാളി പെൻഷൻകാരുടെ നിലവിലെ എണ്ണവും പെൻഷന്റെ ഉയർന്ന നിരക്കും മണിയോർഡർ കമ്മീഷനും കണക്കാക്കിയാണ് 1,21,00,000 രൂപ ആവശ്യപ്പെട്ടിരുന്നതെന്നും എന്നാൽ ഉപഭോക്താക്കളുടെ എണ്ണത്തിലുണ്ടായ കുറവുകാരണം ടി തുകയുടെ ആവശ്യമില്ലെന്ന് ലേബർ കമ്മീഷണർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ആയതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

## ഊർജ്ജവകുപ്പുമായി ബന്ധപ്പെട്ട ശുപാർശകളും അവ സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികളും

## ധനാഭ്യർത്ഥന നമ്പർ XXXIX—വൈദ്യുത പദ്ധതികൾ

കമ്മീഷൻ ചെയർമാൻ, അംഗങ്ങൾ, ജീവനക്കാർ എന്നിവരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും, യാത്രചെലവ്, കമ്മീഷന് ലഭിക്കുന്ന പെറ്റീഷനുകളിന്മേൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽവച്ച് പൊതുതെളിവെടുപ്പ് നടത്തുന്നതിന് വേണ്ടിവരുന്ന ചെലവ്, ഹൈക്കോടതിയിലും ഡൽഹിയിലെ വൈദ്യുതി അപ്പലേറ്റ് ട്രിബ്യൂണലിലും സുപ്രീം കോടതിയിലും അപ്പീൽ കേസുകൾ നടത്തുന്നതിനുവേണ്ടിവരുന്ന ചെലവ്, വൈദ്യുതി, ടെലഫോൺ, പ്രിന്റിംഗ്, പോസ്റ്റേജ് തുടങ്ങിയ ഓഫീസ് ചെലവുകൾ കൂടാതെ ഇലക്ട്രിസിറ്റി ഓംബുഡ്സ്മാന്റെ ആഫീസ് ചെലവ്, വാടക, വാഹനങ്ങളുടെ ഇന്ധന ചെലവ്, മെയിന്റനൻസ് ചെലവ്, വിവിധ കമ്മിറ്റികൾക്ക് കമ്മീഷൻ നൽകേണ്ട വരിസംഖ്യ, പബ്ളിക് ഹിയറിംഗുകൾക്ക് ആവശ്യമായ ചെലവ്, കമ്മീഷൻ ആഫീസ് പ്രവർത്തിക്കുന്ന കെ. പി. എഫ്. സി. ഭവന്റെ പ്രതിമാസ നടത്തിപ്പ് ചെലവ് തുടങ്ങിയവയ്ക്കായി ഈ ഹെഡിൽ അനുവദിച്ചിട്ടുള്ള 68,44,000 രൂപ തികച്ചും അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 55,56,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

<u>സ്വീകരിച്ച നടപടി</u>

സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ചതു പ്രകാരം 55,56,000 രൂപ അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന കമ്മീഷൻ സെക്രട്ടറിയുടെ അഭ്യർത്ഥന ഊർജ്ജ വകുപ്പ് ശുപാർശ ചെയ്ത് ധനകാര്യ വകുപ്പിന് അയയ്ക്കുകയുണ്ടായെങ്കിലും അധിക തുക അനുവദിക്കുകയുണ്ടായില്ല. എന്നാൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി

ബോർഡ്, 2011-2012 വർഷത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന് താഴെപ്പറയുന്ന തുക അനുവദിക്കുകയുണ്ടായി എന്ന വിവരം അറിയിച്ചുകൊള്ളുന്നു.

| ഇനം | തുക |
|---|---|
| ലൈസൻസ് ഫീസ് | 1,51,40,850 |
| ARR & ERC ഫയൽ ചെയ്യുന്നതിനുള്ള ഫീസ് | 1,11,00,000 |
| ടി | 1,14,920 |
| ആകെ | 2,63,55,770 |

ശുപാർശ

2010-2011-ലെ ബഡ്ജറ്റിൽ കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് XXXIX എന്ന ധനാഭ്യർത്ഥനയുടെകീഴിൽ ധനസഹായങ്ങളൊന്നും ഉൾക്കൊള്ളിച്ചിട്ടില്ല.

(ഖണ്ഡിക 22)

സാമൂഹ്യബാദ്ധ്യത കണക്കിലെടുത്ത് കൂടിയ വിലയ്ക്ക് വിദ്യുച്ഛക്തി വാങ്ങി കുറഞ്ഞ നിരക്കിൽ വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകിവരുന്ന ബോർഡിന്റെ റവന്യൂ കമ്മി നികത്താൻ ആവശ്യമായ തുക വൈദ്യുതി ബോർഡിന് സബ്സിഡിയായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സ്വീകരിച്ച നടപടി

ഇലക്ട്രിസിറ്റി ബോർഡിന് റവന്യൂ കമ്മി നികത്തുന്നതിന് 99.97 (45.97+54) കോടി രൂപ ക്യാഷ് സബ്സിഡിയായി അനുവദിച്ചുകൊണ്ട് 8-10-2010-ന് സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 24/10/ഊ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ശുപാർശ

പദ്ധതികൾക്ക് അനുവദിക്കുന്ന ഫണ്ട് ചെലവഴിക്കാൻ കഴിയാതിരിക്കുന്നതിനുള്ള പ്രധാന കാരണം നാഷണൽ ഹൈവേ അതോറിറ്റി, റെയിൽവേ, ബി.എസ്.എൻ.എൽ. തുടങ്ങിയ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നും അനുമതി ലഭിക്കുന്നതിനുള്ള കാലതാമസമാണ്. ആയതിനാലാണ് പല പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്തതെന്ന് സമിതി മനസ്സിലാക്കുന്നു. ഇത്തരം സ്ഥാപനങ്ങളിൽ നിന്നുമുള്ള പ്രത്യേകാനുമതി ലഭിക്കുന്നതിന് കേന്ദ്ര സർക്കാരുമായി കൂടിയാലോചിച്ച് പ്രത്യേക സംവിധാനമുണ്ടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സ്വീകരിച്ച നടപടി

ഊർജ്ജ വകുപ്പിനെ സംബന്ധിച്ചിടത്തോളം പ്രധാനമായും ബി.എസ്.എൻ. എൽ.-ൽ നിന്നും നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭിക്കാനാണ് കാലതാമസം നേരിടുന്നത്. കൂടിയാലോചനകളിലൂടെ തടസ്സം ഒഴിവാക്കാൻ ശ്രമിക്കുന്നുണ്ട്. അതിനാൽ ഇത് സംബന്ധിച്ച ശുപാർശകളിന്മേൽ തുടർനടപടി ആവശ്യമില്ല.

ശുപാർശ

വൈദ്യുതി ചാർജ്ജ് അടയ്ക്കാത്തതിന്റെ പേരിൽ കാർഷികാവശ്യത്തിന് ഉപയോഗിക്കുന്ന ജലസേചന പദ്ധതികൾ, കുടിവെള്ള വിതരണ പദ്ധതികൾ എന്നിവയുടെ വിദ്യുച്ഛക്തി ബന്ധം വിച്ഛേദിക്കുന്നത് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സ്വീകരിച്ച നടപടി

2003-ലെ ഇലക്ട്രിസിറ്റി ആക്ട് സെക്ഷൻ 56-ൽ വൈദ്യുതി ചാർജ്ജ് അടയ്ക്കാത്തവരുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് കുടിവെള്ള പദ്ധതികളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കാതിരിക്കാൻ പരമാവധി ശ്രമിക്കുന്നുണ്ട്. കൃഷിഭവൻ മുഖേന വൈദ്യുത ചാർജ്ജ് ഒടുക്കുന്ന കാർഷിക ഉപഭോക്താക്കൾ കുടിശ്ശിക ഒഴിവാക്കുന്നതിന് കറണ്ട് ചാർജ്ജ് നേരിട്ടടയ്ക്കുന്നതിനും പിന്നീട് തുക കൃഷിഭവനിൽ നിന്നും റീ ഇംപേഴ്സ് ചെയ്ത് നൽകുന്നതിനുമുള്ള സംവിധാനം ഒരുക്കണ മെന്ന് ബന്ധപ്പെട്ട വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## ഭാഗം II

## സമിതിയുടെ ശുപാർശകളിന്മേൽ സർക്കാരിൽനിന്നും അനന്തര നടപടി സ്റ്റേറ്റ്മെന്റ് ലഭിക്കാത്തവയുടെ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

### തൊഴിലും പുനരധിവാസവും വകുപ്പ്

ശുപാർശ

2230-01-101-95 വ്യാവസായിക ട്രിബ്യൂണൽ, കോഴിക്കോട്

കോഴിക്കോട് വ്യാവസായിക ട്രിബ്യൂണലിന് കമ്പ്യൂട്ടർ വാങ്ങുന്നതിനായി "05-ഓഫീസ് ചെലവുകൾ 4 മറ്റിനങ്ങൾ" എന്ന ശീർഷകത്തിൽ 35,000 രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

2230-01-102-99 വ്യവസായശാല ഡയറക്ടറാഫീസ്

ഈ ശീർഷകത്തിൽ '02 വേതനം' എന്നയിനത്തിൽ 59,000 രൂപയും, '05 ഓഫീസ് ചെലവുകൾ' എന്ന ഇനത്തിൽ 46,000 രൂപയും, '06 വാടക കരം, നികുതി' എന്ന ഇനത്തിൽ 50,000 രൂപയും '21-1 വാഹനം വാങ്ങൽ' എന്ന ഇനത്തിൽ കണ്ടം ചെയ്യേണ്ടതായ നാലു വാഹനങ്ങൾക്കുപകരം വാഹനം വാങ്ങുന്നതിനാവശ്യമായ തുകയും '21-2 സംരക്ഷണവും അറ്റകുറ്റപ്പണികളും' എന്ന ഇനത്തിൽ 6,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

1167/2011.

2230-01-103-71 കേരള ഈറ്റ, കാട്ടുവള്ളി, തഴപ്പായ് തൊഴിലാളി ക്ഷേമനിധി ബോർഡ് അംശദാനം

4500 തൊഴിലാളികൾക്ക് പെൻഷൻ തുക നല്കേണ്ടതിനാലും ക്ഷേമ പെൻഷൻ 50 രൂപകണ്ട് വർദ്ധിപ്പിച്ച സാഹചര്യത്തിലും ഈ ശീർഷകത്തിൽ 1,75,00,000 രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

2230-01-103-62-10 പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള ആശ്വാസനിധി സംഭാവന

ഈ ശീർഷകത്തിൽ അനുവദിക്കുന്ന തുക ഇടുക്കി ഉൾപ്പെടെ തിരുവനന്തപുരം, കൊല്ലം, പാലക്കാട്, വയനാട് എന്നീ ജില്ലകളിലെ തോട്ടം തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസത്തിനും (പഠനോപകരണങ്ങൾ വാങ്ങുന്നതിനും മറ്റും) ഉന്നത വിദ്യാഭ്യാസം, ആരോഗ്യം എന്നീ കാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കാനുള്ളതാണ്. ഒരു സാമൂഹ്യ സുരക്ഷാക്ഷേമപദ്ധതിയായ ഇതിലേക്ക് വർഷംതോറും 3 കോടി രൂപ എങ്കിലും ആവശ്യമായിവരും. 2009-10-ൽ തൊഴിലാളികൾക്കുള്ള ആശ്വാസത്തിന് ചെലവഴിച്ച 2,45,000 രൂപ മടക്കി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിരുന്നു. എന്നാൽ 2009-10-ലേക്ക് 3,98,40,000 രൂപയുടെ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകിയിരുന്നുവെങ്കിലും പ്രസ്തുത തുക ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്നില്ല. പ്രസ്തുത തുക ലഭ്യമായെങ്കിൽ മാത്രമേ സർക്കാർ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം തൊഴിലാളികളിൽ എത്തിക്കുവാൻ കഴിയുകയുള്ളു. ഫണ്ടിന്റെ അഭാവം ഈ മേഖലയിലെ തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. മേൽപ്പറഞ്ഞ തുകയും 2010-11-ൽ ചെയ്യേണ്ട ആശ്വാസപ്രവർത്തനങ്ങൾക്കുള്ള തുകയുംകൂടി ചേരുമ്പോൾ ഈ ഇനത്തിലെ ബാദ്ധ്യത 8,00,00,000 രൂപയോളമായി ഉയരും. 2010-11-ലെ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷനായി 1,000 രൂപ മാത്രമേ ഉൾക്കൊള്ളിച്ചിട്ടുള്ളു. ഈ സാഹചര്യത്തിൽ 8 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

2230-02-001-99 എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

കമ്പ്യൂട്ടർവത്ക്കരണം പൂർത്തീകരിച്ചതും, ഇന്റർനെറ്റ് സംവിധാനം ഏർപ്പെടുത്താത്തതുമായ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ടെലഫോൺ കണക്ഷനും, ഇന്റർനെറ്റ് കണക്ഷനും എടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുള്ള സാഹചര്യത്തിൽ ടെലഫോൺ ചാർജ് ഇനത്തിൽ 18 ലക്ഷം രൂപയുടെ ചെലവ് കണക്കാക്കിയെങ്കിലും 6.50 ലക്ഷം രൂപ മാത്രമേ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ളൂ. അതുപോലെ തന്നെ കമ്പ്യൂട്ടർവത്ക്കരണം നടപ്പാക്കിയിട്ടുള്ള ഓഫീസുകളിലെ കമ്പ്യൂട്ടറുകളുടെയും മറ്റ് അനുബന്ധ ഉപകരണങ്ങളുടെയും മെയിന്റനൻസിനായി 5 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 3 ലക്ഷം രൂപ മാത്രമേ അനുവദിച്ചതായി കാണുന്നുള്ളൂ. ആയതിനാൽ 2230-02-001-99-05-(3) 'ടെലഫോൺ ചെലവ്' എന്ന ഉപശീർഷകത്തിൽ 11.5 ലക്ഷം

രൂപയും (99)-'വിവരസാങ്കേതിക വിദ്യ' എന്ന ഉപശീർഷകത്തിൽ 2 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 13.5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

2230-02-001-98 <u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ കമ്പ്യൂട്ടർവത്ക്കരണവും ജീവനക്കാരുടെ പരിശീലനവും</u>

സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിന് 6.25 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നതിനായി ഈ സാമ്പത്തിക വർഷം അനുവദിച്ചിരിക്കുന്ന 40 ലക്ഷം രൂപയ്ക്കുപുറമെ 585 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

ആര്യാടൻ മുഹമ്മദ്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VII.*